ഉത്തരം

(എ) 22 കമ്പനികൾ. പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ടെൻഡർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായ 2005 ആഗസ്റ്റ് മാസം 17-ാം തീയതിക്കുള്ളിൽ ലഭിക്കുന്ന ദർഘാസുകൾ പരിശോധിച്ച് അനുയോജ്യമായ പങ്കാളിയെ കണ്ടെത്തി അവരുമായി സർക്കാർ കരാറിൽ ഏർപ്പെടും. പ്രസ്തുത നടപടികൾ പൂർത്തിയാക്കാൻ ഏകദേശം മൂന്നു മാസത്തെ സമയം വേണ്ടിവരും. സർക്കാരും സ്വകാര്യപങ്കാളിയുംചേർന്ന് സംയുക്ത സംരംഭത്തിലാണ് പദ്ധതി നടപ്പിലാക്കുക. ഈ സംരംഭത്തിൽ 24% ഓഹരി സർക്കാരിന്റേതായിരിക്കും.

കടൽപ്പാലങ്ങൾ

98 [3612] *പ്രൊഫ. എ. ഡി. മുസ്തഫ:*

ശ്രീ. ജോർജ് ജെ. മാത്യു:

,, വർക്കല കഹാർ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം കടൽപ്പാലങ്ങളുണ്ടായിരുന്നു; ഇവ ഇപ്പോൾ ഉപയോഗയോഗ്യമാണോ;

(ബി) അല്ലെങ്കിൽ ഇവയെ പുനരുദ്ധരിക്കുവാൻ പരിപാടിയുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് താഴെ പറയുന്ന സ്ഥലങ്ങളിൽ കടൽപ്പാലങ്ങളുണ്ട്:

1. തിരുവനന്തപുരം (വലിയതുറ)
2. ആലപ്പുഴ
3. കോഴിക്കോട് (തെക്കേ കടൽപ്പാലം)
4. കോഴിക്കോട് (വടക്കേ കടൽപ്പാലം)
5. തലശ്ശേരി

ഈ കടൽപ്പാലങ്ങൾ ഇപ്പോൾ ഉപയോഗയോഗ്യമല്ല. എന്നാൽ വലിയതുറ കടൽപ്പാലം ഭാഗികമായി ഉപയോഗിക്കുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ഇവയെ പുനരുദ്ധരിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാധിക്കുമെങ്കിൽ അവയെ പൈതൃകസ്വത്തായി സംരക്ഷിക്കുവാൻ നടപടി കൈക്കൊള്ളുന്നതാണ്.

എ. ഡി. ബി.യുടെ പഠന സംഘം സന്ദർശിച്ച സഹകരണ സംഘങ്ങൾ

99 [3613] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
„ *വി. ഡി. സതീശൻ:*
„ *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി.യുടെ പഠന സംഘം സഹകരണ ബാങ്കുകളെക്കുറിച്ച് പഠിക്കുന്നതിനായി സംസ്ഥാനത്തെത്തിയിരുന്നുവോ;

(ബി) സംസ്ഥാനത്തുള്ള ഏതെല്ലാം സഹകരണ ബാങ്കുകൾ പ്രസ്തുത സംഘം സന്ദർശിച്ചു എന്നറിയിക്കാമോ;

(സി) പ്രസ്തുത സംഘത്തിനെതിരെ എവിടെയെല്ലാം പ്രതിഷേധപ്രകടനം നടത്തിയിട്ടുണ്ടായിരുന്നു;

(ഡി) നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെയർമാൻ എ. ഡി. ബി. സംഘത്തിന് ആവശ്യമായ സൗകര്യങ്ങൾ നൽകണമെന്ന് സംസ്ഥാന സഹകരണ ബാങ്ക് ചെയർമാന് എഴുതിയിരുന്നുവോ;

(ഇ) നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെയർമാൻ ആരാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) എത്തിയിട്ടില്ല. എന്നാൽ എ. ഡി. ബി.യും കേന്ദ്ര സർക്കാരും ചേർന്ന് ചുമതലപ്പെടുത്തിയിട്ടുള്ള കൺസൾട്ടൻസിയുടെ പ്രതിനിധികൾ എത്തിയിരുന്നു.

(ബി) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരൂർ കാർഷിക ഗ്രാമ വികസന ബാങ്ക്, ഏറനാട് കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവയിലാണ് സന്ദർശനം നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly